**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 6670      09/07/2014-ൽ മറുപടിക്ക്

## പട്ടികവർഗ്ഗ സമുദായങ്ങളുടെ അടിസ്ഥാന വിവരങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ഐ.സി. ബാലകൃഷ്ണൻ :<br>ശ്രീ. അൻവർ സാദത്ത്:<br>ശ്രീ. വി.പി. സജീന്ദ്രൻ:<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| എ | പട്ടികവർഗ്ഗ സമുദായങ്ങളുടെ അടിസ്ഥാന വിവരങ്ങൾ ശേഖരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ; | എ | ഉണ്ട്. തദ്ദേശ സ്വയം ഭരണ വകുപ്പ്, പട്ടികവർഗ്ഗ വികസന വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ സംയുക്ത സംരംഭമായിട്ടാണ് 2008-ൽ സർവ്വേ നടത്തി വിവരങ്ങൾ ശേഖരിച്ചത്. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ സർവ്വേയുടെ നോഡൽ ഏജൻസി ആയിരുന്നു. |
| ബി | വിവരങ്ങൾ ശേഖരിച്ചതിന്റെ ക്രോഡീകരിച്ച റിപ്പോർട്ട് പ്രകാശനം ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | ബി | ഉണ്ട്. 2012 ഒക്ടോബർ മാസം 6 ാം തീയതിയിൽ തിരുവനന്തപുരത്തെ വിളപ്പിൽ പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ നടന്ന ചടങ്ങിൽ വച്ച് കേരള നിയമസഭാ സ്പീക്കർ ബഹു. ശ്രീ.ജി. കാർത്തികേയൻ ടി റിപ്പോർട്ട് പ്രകാശനം ചെയ്തു. |
| സി | ഇതുകൊണ്ടുള്ള പ്രയോജനങ്ങൾ എന്തെല്ലാം; വിശദമാക്കുമോ; | സി | പട്ടികവർഗ്ഗക്കാരുടെ അടിസ്ഥാന വിവര ശേഖരണം വഴി അവരുടെ സാമൂഹിക, സാമ്പത്തിക, വിദ്യാഭ്യാസ, ആരോഗ്യകാര്യങ്ങളെക്കുറിച്ചും, മറ്റ് അടിസ്ഥാന സ്ഥിതികളെക്കുറിച്ചും വിവരങ്ങൾ ശേഖരിക്കുന്നതിനും വിശകലനം ചെയ്യുന്നതിനും, അതിന്റെ അടിസ്ഥാനത്തിൽ അവരുടെ വികസനത്തിനായി പദ്ധതികളും പരിപാടികളും ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിനും സാധിക്കുന്നു. |
| ഡി | എന്തെല്ലാം വിവരങ്ങളാണ് പ്രസ്തുത റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്? | ഡി | ചുവടെ ചേർത്തിരിക്കുന്ന വിഷയങ്ങളാണ് പ്രസ്തുത റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.<br>1. ജനസംഖ്യ<br>2. ഊരുകൾ<br>3. വിദ്യാഭ്യാസം<br>4. തൊഴിലും വരുമാനവും<br>5. ആരോഗ്യം<br>6. അടിസ്ഥാനസൗകര്യങ്ങൾ<br>7. കൈവശഭൂമി<br>8. വനവുമായുള്ള ആഭിമുഖ്യം<br>9. സാമൂഹ്യസുരക്ഷ<br>10. സാമൂഹ്യവികാസം |

**സെക്ഷൻ ഓഫീസർ**